# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5308 | | 23.05.2017-ൽ മറുപടി നൽകേണ്ടിയിരുന്നത് | |
|---|---|---|---|
| **കേരളത്തിലെ ശുചിത്വം** | | | |
| **ചോദ്യം** | | **മറുപടി** | |
| **ശ്രീ.പി.സി. ജോർജ്** | | **ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | ഇന്ത്യയിലെ വൃത്തിയുള്ള നഗരങ്ങളിൽ കേരളം ഏറ്റവും പിൻനിരയിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പോരായ്മ തരണം ചെയ്യാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ; | (എ) | കേന്ദ്ര നഗരവികസനമന്ത്രാലയം അമൃത് (AMRUT) നഗരങ്ങളിൽ നടത്തിയ ശുചിത്വ സർവ്വേ 2017 -ൽ കേരളത്തിലെ നഗരസഭകൾക്ക് മെച്ചപ്പെട്ട റാങ്ക് ലഭിച്ചിരുന്നില്ല. റാങ്കിങ്ങിനായി നിർണ്ണയിക്കപ്പെട്ട ഘടകങ്ങളായ (1) ഖരമാലിന്യ നിർമ്മാർജ്ജനം (2) വ്യക്തിഗത, കമ്മ്യൂണിറ്റി പബ്ലിക്ക് ടോയ്‌ലറ്റുകൾ (3)വെളിയിട വിസർജ്ജന രഹിത സിറ്റി ഇവയിൽ പ്രത്യേക ശ്രദ്ധ നൽകി സേവന ഗുണമേൻമ ഉണ്ടാക്കുവാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന നിർദ്ദേശം ബന്ധപ്പെട്ട നഗര സഭകൾക്ക് നൽകിയിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങളുടെ മോണിറ്ററിങ് വകുപ്പ് മുഖേന നടപ്പാക്കുന്ന കാര്യം പരിഗണനയിലാണ്. |
| (ബി) | കേരളത്തിലുള്ള വിവിധ നഗരങ്ങൾ വൃത്തിയുടെ കാര്യത്തിൽ,വളരെ ശോച്യമാണെന്നതു കണക്കാക്കി, ശുചിത്വമുള്ള നഗരങ്ങളുടെ ലിസ്റ്റിൽ കടന്നു കൂടാൻ എന്തൊക്കെ പദ്ധതികൾ നടപ്പാക്കുമെന്ന് വിശദമാക്കുമോ? | (ബി) | ശുചിത്വ മാലിന്യ സംസ്കരണം ഹരിത കേരളം മിഷന്റെ ഭാഗമായ ഒരു ഉപദൗത്യമാണ്. ശുചിത്വ മാലിന്യ സംസ്കരണം പ്രവർത്തനങ്ങളെ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ഫലപ്രദമായി സമന്വയിപ്പിക്കുകയും പ്രവർത്തനങ്ങൾ കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുകയും ചെയ്യുകയെന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ഇതിനുവേണ്ടിയുള്ള മിഷൻ സംവിധാനവും കർമ്മ സേനയും സംസ്ഥാന തലം മുതൽ തദ്ദേശ സ്വയം ഭരണ തലം വരെ രൂപീകരിച്ച് പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. 2017-18 വർഷത്തെ പദ്ധതി രൂപീകരണ മാർഗനിർദ്ദേശത്തിൽ നഗരസഭകൾ താങ്കളുടെ വികസന ഫണ്ട് പൊതു വിഹിതത്തിൽ നിന്ന് കുറഞ്ഞത് 15% തുക മാലിന്യ സംസ്കരണമടക്കമുള്ള ഹരിത കേരള മിഷന്റെ പ്രവർത്തനങ്ങൾക്കായി നിർബന്ധമായും വകയിരുത്തണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതു കൂടാതെ സംസ്ഥാനാവിഷ്കൃത പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഭാഗമായും ശുചിത്വ-മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾ നഗരസഭകളുടെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നുണ്ട്.<br>മാലിന്യ നിർമ്മാർജ്ജനം ജനപങ്കാളിത്തത്തോടെ ചിട്ടയോടു കൂടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കി സംസ്ഥാനത്തെ നഗരങ്ങളും ഗ്രാമങ്ങളും വൃത്തിയുള്ള കേന്ദ്രങ്ങളാക്കുവാനാണ് ശ്രമിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ